"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - പൊതു ആവശ്യം - മലപ്പുറം ജില്ലയിൽ പാണ്ടിക്കാട് വില്ലേജിൽ യുദ്ധ സ്മാരകം നിർമ്മിക്കുന്നതിന് 5.179 ആർസ് ഭൂമി പരിവർത്തനപ്പെടുത്തുന്നതിന് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (എൻ.സി.എ) വകുപ്പ്**

**സ.ഉ.(കൈ) നം.110/2024/AGRI തീയതി,തിരുവനന്തപുരം, 15-10-2024**

---

പരാമർശം:- 1. പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച ഫോറം 2 അപേക്ഷ ഉള്ളടക്കം ചെയ്ത പാണ്ടിക്കാട് കൃഷി ഓഫീസറുടെ 10.06.2024-ലെ PKD16/2024-25 നമ്പർ കത്ത്.

2. 04.09.2024-ലെ സംസ്ഥാനതല സമിതി യോഗ തീരുമാനം.

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിൽ ഏറനാട് താലൂക്ക് പാണ്ടിക്കാട് വില്ലേജിൽ യുദ്ധ സ്മാരകം നിർമ്മാണത്തിനുവേണ്ടി ബ്ലോക്ക് 145-ൽ റീസർവ്വേ നം.217/1-1, 217/17-5, 217/17-6, 217/5-6, 217/1-2, 217/5-5 എന്നിവയിൽപ്പെട്ട 5.179 ആർസ് ഭൂമി പരിവർത്തനപ്പെടുത്തുന്നതിന് അനുമതിയ്ക്കായി പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 8 പ്രകാരം രൂപീകരിച്ച സംസ്ഥാനതല സമിതി 04.09.2024-ൽ കൂടിയ യോഗത്തിൽ പരിശോധിച്ച്, ചുവടെ ചേർക്കും പ്രകാരം തീരുമാനം കൈക്കൊള്ളുകയും സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി:

"മലപ്പുറം ജില്ലയിൽ പാണ്ടിക്കാട് വില്ലേജിൽ ബ്ലോക്ക് 145-ൽ റീസർവ്വേ നം. 217/17-5, 217/17-6, 217/5-6, 217/1-2, 217/5-5 & 217/1-1 ൽപ്പെട്ട 5.179 ആർസ് യുദ്ധ സ്മാരകം നിർമ്മിക്കുന്നതിനായി പരിവർത്തനപ്പെടുത്തുന്നതിന് പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ വിശദമായി പരിശോധിച്ചു. ടി സ്ഥലത്തിന്റെ വടക്ക് ഭാഗത്തുള്ള കിഴക്കു നിന്നും പടിഞ്ഞാറോട്ട് ഒഴുകുന്ന തോട് നില നിർത്തി നീരൊഴുക്കിന് തടസ്സമില്ലാത്ത രീതിയിലും സമീപത്തെ മറ്റു കൃഷികൾക്ക് ദോഷമില്ലാത്ത രീതിയിലും മറ്റു പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുന്നില്ല എന്ന് ഉറപ്പുവരുത്തിയും പരിവർത്തനാനുമതി നൽകാവുന്നതാണ്. ടി വ്യവസ്ഥ പാലിയ്ക്കുന്നുണ്ടോയെന്ന് ജില്ലാ കളക്ടർ ഉറപ്പ് വരുത്തേണ്ടതാണ്."

2. സംസ്ഥാനതല സമിതിയുടെ മേൽ റിപ്പോർട്ട് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 10(2) പ്രകാരം സർക്കാർ വിശദമായി പരിശോധിച്ചു. പ്രസ്തുത സ്ഥലത്തിന്റെ വടക്ക് ഭാഗത്തുള്ള കിഴക്കു നിന്നും പടിഞ്ഞാറോട്ട് ഒഴുകുന്ന തോട് നില നിർത്തി നീരൊഴുക്കിന് തടസ്സമില്ലാത്ത രീതിയിലും, സമീപത്തെ മറ്റു കൃഷികൾക്ക് ദോഷമില്ലാത്ത രീതിയിലും, മറ്റു പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുന്നില്ല എന്നും

ഉറപ്പുവരുത്തേണ്ടതാണെന്ന വ്യവസ്ഥയിൽ മലപ്പുറം ജില്ലയിൽ ഏറനാട് താലൂക്ക് പാണ്ടിക്കാട് വില്ലേജിൽ യുദ്ധ സ്മാരകം നിർമ്മാണത്തിനുവേണ്ടി ബ്ലോക്ക് 145-ൽ റീസർവ്വേ നം. 217/1-1, 217/17-5, 217/17-6, 217/5-6, 217/1-2, 217/5-5 എന്നിവയിൽപ്പെട്ട 5.179 ആർസ് ഭൂമി പരിവർത്തനപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പ്രസ്തുത വ്യവസ്ഥ പാലിക്കുന്നുണ്ടെന്ന് മലപ്പുറം ജില്ലാ കളക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബാലഗോപാൽ കെ കെ
അഡിഷണൽ സെക്രട്ടറി

1. സെക്രട്ടറി, പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത്, പാണ്ടിക്കാട് പി.ഒ, മലപ്പുറം-676521 2. ലാന്റ് റവന്യൂ കമ്മിഷണർ, തിരുവനന്തപുരം.
3. ജില്ലാ കളക്ടർ, മലപ്പുറം.
4. പ്രിൻസിപ്പൽ കൃഷി ഓഫീസർ, മലപ്പുറം.
5. ഡോ.പി.ഒ.നമീർ, ഡീൻ, കോളേജ് ഓഫ് ക്ലൈമറ്റ് ചേഞ്ച് & എൻവയോൺമെന്റൽ സയൻസ്, കാർഷിക സർവകലാശാല, തൃശ്ശൂർ.
6. ഡോ.അനു.ജി.കൃഷ്ണൻ, അസോസിയേറ്റ് പ്രൊഫസർ, ഹോർട്ടികൾച്ചർ, റീജിയണൽ അഗ്രിക്കൾച്ചർ റിസർച്ച് സ്റ്റേഷൻ (25) കുമരകം, കോട്ടയം.
7. കൃഷി ഓഫീസർ, പാണ്ടിക്കാട് കൃഷി ഓഫീസ്, മലപ്പുറം.
8. വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന് )
9. കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Archana B P
Date: 15-10-2024 12:51:22
സെക്ഷൻ ഓഫീസർ

പകർപ്പ്:

1. കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ്.
2. കാർഷികോൽപ്പാദന കമ്മീഷണർ & പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.